ഭരണഭാഷ-മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

തൊഴിൽഭവൻ, തിരുവനന്തപുരം- 1

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം –ജൂനിയർ സൂപ്രണ്ട് /ജെ.എ.എ (എൻ.റ്റി) തസ്തികയുടെ പൊതു സ്ഥലം മാറ്റം -2023- അനോമലി അപേക്ഷകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 27.07.2023 ലെ DT/3190/2023-A3 നമ്പർ പൊതു സ്ഥലം മാറ്റ ഉത്തരവ്.
2) വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ ജൂനിയർ സൂപ്രണ്ട് /ജെ.എ.എ (എൻ.റ്റി) തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ.

**********

**ഉത്തരവ് നമ്പർ: DT/3190/2023-A3 തീയതി: 05-10-2023**

പരാമർശം 1 പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർസൂപ്രണ്ട് /ജെ.എ.എ (എൻ.റ്റി) തസ്തികയിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം നടപ്പാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിന്മേൽ പരാമർശം 2 പ്രകാരം ചുവടെ പറയുന്ന അനോമലി അപേക്ഷകൾ ലഭിച്ചിട്ടുണ്ട് . ഇപ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾപൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽപരിശോധിച്ച്, ചുവടെ പറയും പ്രകാരം പരിഹരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക / സ്ഥാപനം | ആക്ഷേപം | അനോമലി അപേക്ഷയിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | സീന എ, ജൂനിയർസൂപ്രണ്ട്, ഐ.ടി.ഐ സീതാംഗോളി | കരട്ട ലിസ്റ്റിൽ പ്രത്യേക മുൻ ഗണന വിഭാഗത്തിന്റെ സംരക്ഷണയിൽ തിരുവനന്തപുരം ജില്ലയിലെ ചാക്ക ഐ.ടി.ഐ യിലേയ്ക്ക് പരിഗണിച്ചുവെങ്കിലും അന്തിമ ലിസ്റ്റിൽ ടിയാൾക്ക് കോഴിക്കോട് ജില്ലയിലെ ദുർഘടപ്രദേശമായ തിരുവമ്പാടി ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുകയാണുണ്ടായത് എന്നും നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന ടിയാളെ തിരുവമ്പാടി ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റിയത് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും പൊതു സ്ഥലം മാറ്റ ഉത്തരവ് പുന:പരിശോധിക്കണമെന്നും നടപടി ആകുന്നതുവരെ നിലവിലെ സ്ഥാപനത്തിൽ നിലനിർത്തണമെന്നും അപേക്ഷിച്ചിട്ടുണ്ട് | മാതൃ ജില്ലയിൽ ഉണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് ടിയാളെക്കാൾ സീനിയർ ആയിട്ടുള്ള ജീവനക്കാരിയെ പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 4-ലെ (iii) പ്രകാരം അനുകമ്പാർഹമായ കാരണങ്ങളാൽ പരിഗണിച്ചതിനാൽ ഓപ്ഷനിൽ പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. അനോമലി അപേക്ഷ പരിഗണിച്ച് നിലവിലെ സ്ഥാപനത്തിൽ (ഐ.ടി.ഐ സീതാംഗോളി) നിലനിർത്തുന്നു. |
| | | കരട്ട ലിസ്റ്റിൽ രണ്ടാമത്തെ ഓപ്ഷൻ പരിഗണിച്ചുവെങ്കിലും അന്തിമ ലിസ്റ്റിൽ ടിയാൾക്ക് അർഹമായ മൂന്നാമത്തെ | ടിയാളുടെ രണ്ടാമത്തെ ഒപ്ഷനിലേയ്ക്ക് പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 9-ലെ (iii), ഖണ്ഡിക 10(ii) ലെ വ്യവസ്ഥകൾ പ്രകാരം മുൻഗണന /അർഹതയുള്ള ഒരു ജീവനക്കാരിക്ക് അന്തിമ ലിസ്റ്റിൽ സ്ഥലം മാറ്റം അനുവദിക്കേണ്ടി |

| | | | |
|---|---|---|---|
| 2 | ഷിഹാബുദീൻ പി.എ, ജൂനിയർസൂപ്രണ്ട്, ഐ.ടി.ഐ അരക്കുഴ | ഓപ്ഷൻ പരിഗണിക്കാതെ നാലാമത്തെ ഓപ്ഷനാണ് അനുവദിച്ചിട്ടുള്ളത് എന്നും ആയതിനാൽ ഒന്നാമത്തെ ഒപ്ഷനിലോ അല്ലാത്ത പക്ഷം 2024 ജനുവരിയിൽ കളമശ്ശേരി ആർ.ഐ സെന്ററിൽ(എറണാകുളം) ഉണ്ടാകുന്ന ഒഴിവിലോ സ്ഥലം മാറ്റം നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. | വന്നതിനാലും , മൂന്നാമത്തെ ഓപ്ഷനിൽ സ്ഥലം മാറ്റം ലഭിക്കുവാൻ ടിയാൾക്ക് അർഹതയുണ്ടെങ്കിലും ടി ഒഴിവിലേയ്ക്ക് ഒരു വനിത ജീവനക്കാരിയെ പരിഗണിക്കേണ്ടി വന്നതിനാലുമാണ് ടിയാൾക്ക് നാലാമത്തെ ഓപ്ഷനിൽ സ്ഥലം മാറ്റം അനുവദിച്ചത്. ടിയാളുടെ അപ്പീൽ അപേക്ഷയിൽ 2024 ജനുവരിയിൽ കളമശ്ശേരി ആർ.ഐ സെന്ററിൽ ഉണ്ടാകുന്ന ഒഴിവിൽ അർഹതയുള്ള പക്ഷം പരിഗണിക്കുന്നതാണ്. |
| 3 | പ്രശാന്ത് പി.കെ , ജൂനിയർസൂപ്രണ്ട് ,ഐ.ടി.ഐ മാറഞ്ചേരി | പൊതു സ്ഥലം മാറ്റത്തിൽ ആർ.ഐ സെന്റർ പാലക്കാട് -ലേയ്ക്കാണ് അപേക്ഷിച്ചിട്ടുള്ളത്.എന്നാൽ മലമ്പുഴ ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് എന്നും നിലവിലെ സ്ഥാപനത്തിൽ നിലനിർത്തണമെന്നും അപേക്ഷിച്ചിട്ടുണ്ട്. | പൊതു സ്ഥലം മാറ്റത്തിൽ ടിയാന്റെ ഏക ഓപ്ഷനായ ആർ.ഐ സെന്റർ പാലക്കാട് സ്ഥിതി ചെയ്യുന്ന അതേ ക്യാംപസിലുള്ള സ്ഥാപനത്തിലാണ് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് .ആയത് ചട്ടപ്രകാരമാണ്. ഒപ്ഷനിലെ സ്റ്റേഷനിൽ തന്നെ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതിനാൽ അനോമലി അപേക്ഷ പരിഗണിക്കുന്നില്ല . |

മേല്പറയും പ്രകാരം അനോമലി അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്/-)

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

**<u>സ്വീകർത്താവ്:</u>**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**പകർപ്പ് :**

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും (ട്രെയിനിംഗ് ഡയറക്ടറേറ്റ് )/എല്ലാ സ്ഥാപന മേധാവികൾക്കും /സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്